(സി) ഉണ്ട്. ഡ്രൈവിംഗിലെ അപാകതകൊണ്ടും റോഡുകളുടെ ശോചനീയാവസ്ഥകൊണ്ടും, മറ്റു വാഹനങ്ങൾ അശ്രദ്ധമായി ഓടിക്കുന്നതുകൊണ്ടും കെ. എസ്. ആർ. ടി. സി. ബസ്സുകൾ അപകടത്തിൽപെടുന്നുണ്ട്.

(ഡി) സാങ്കേതിക ന്യൂനതകൾ കണ്ടെത്തിയിട്ടില്ല.

റാന്നി വഴിയുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

99 [2236] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പത്തനംതിട്ട, തിരുവനന്തപുരം, തിരുവല്ല, ചങ്ങനാശ്ശേരി, ആലപ്പുഴ, തൊടുപുഴ, എരുമേലി, പാല, പൂഞ്ഞാർ, പുനലൂർ തുടങ്ങി വിവിധ ഡിപ്പോകളിൽനിന്നും റാന്നിവഴി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സ്ഥിതിവിവരക്കണക്ക് നൽകുമോ;

(ബി) ഈ സർവ്വീസുകൾ മുടങ്ങാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വിവിധ ഡിപ്പോകളിൽ നിന്നും റാന്നിവഴി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സ്ഥിതിവിവരക്കണക്ക് താഴെ കൊടുക്കുന്നു:

പത്തനംതിട്ട	.. 7
എരുമേലി	.. 3
തിരുവനന്തപുരം	.. 2
ഈരാറ്റുപേട്ട	.. 2
തിരുവല്ല	.. 9
ആലപ്പുഴ	.. 1
തൊടുപുഴ	.. 1
പുനലൂർ	.. 1
കിളിമാനൂർ	.. 1
മൂലമറ്റം	.. 1

ഈ സർവ്വീസുകളിലൂടെ ആകെ 123 ട്രിപ്പുകൾ റാന്നി വഴിയുണ്ട്.

(ബി) ഈ സർവ്വീസുകൾ മുടങ്ങാതെ ഓടിക്കുവാൻ യൂണിറ്റ്റാഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ഹൈടെക് ബസ്സുകളിൽ സൈഡ് ഗ്ലാസ്സിനു പകരം ഷട്ടർ പിടിപ്പിക്കുന്നതിന് നടപടി

100 [2237] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly